*30-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

(1) ആലുവയിൽ പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കൽ

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി കോർപ്പറേഷനും സമീപ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാലകൊച്ചി മേഖലയിൽ അതീവ രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. ഈ പ്രദേശങ്ങളിലെ ഗാർഹിക-വാണിജ്യ ആവശ്യങ്ങൾക്കും ജൽജീവൻ മിഷനിലൂടെ നടപ്പാക്കുന്ന പദ്ധതികൾക്കും കുടിവെള്ള സ്രോതസ്സ് ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റുതന്നെ നിഷ്കർഷിച്ചിട്ടുണ്ട്. ആലുവ ജലശുദ്ധീകരണശാലയിൽ ഉൽപാദിപ്പിക്കുന്ന 225 MLD-യിൽ 121.5 MLD ജലവും മരട് ജലശുദ്ധീകരണശാലയിൽ ഉൽപാദിപ്പിക്കുന്ന 100 MLD-യിൽ 53.5 MLD ജലവുമുൾപ്പെടെ 175 MLD ജലമാണ് കൊച്ചി നഗരത്തിൽ വിതരണം ചെയ്യുന്നതെന്നാണ് വാട്ടർ അതോറിറ്റിയുടെ കണക്ക്. ഈ കണക്കുപ്രകാരം 40 മുതൽ 50 ശതമാനം വരെയാണ് വിതരണനഷ്ടം. കൊച്ചി കോർപ്പറേഷനിലെ ആകെ ജലവിതരണ കണക്ഷനുകൾ 150000 ആണ്. കൂടാതെ 28000 ഗാർഹികേതര കണക്ഷനുകളും 251 വ്യാവസായിക കണക്ഷനുകളും 2 സ്പെഷ്യൽ കണക്ഷനുകളും 5445 പൊതുടാപ്പുകളുമാണുള്ളത്. കൊച്ചിൻ പോർട്ട്, നേവൽ ബേസ്, കൊച്ചിൻ ഷിപ്പ്യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, പത്തോളം ആശുപത്രികൾ, കോളേജുകൾ, വൻകിട ഹോട്ടലുകൾ എന്നിവയുൾപ്പെടെ ബൾക്ക് കൺസ്യൂമേഴ്സും ഉണ്ട്. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചി നഗരം ക്ലാസ് II-ൽ ആണ് ഉൾപ്പെടുന്നത്. Central Public Health and Environmental Engineering Organization-ന്റെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്ക് സാധാരണഗതിയിൽ ഒരു ദിവസം 150 ലിറ്റർ വെള്ളമാണ് ആവശ്യമുള്ളത്. ഇതുപ്രകാരം കൊച്ചി നഗരത്തിൽ പ്രതിദിനം 50 MLD വെള്ളത്തിന്റെ കുറവാണുള്ളത്. ഇതാണ് കൊച്ചിയുടെ പൊതുവായ സ്ഥിതി.

ആലുവയിൽ നിന്നും മരടിൽ നിന്നുമുള്ള ജലം തമ്മനം പമ്പ് ഹൗസിൽ സ്ഥാപിച്ചിരിക്കുന്ന 135 MLD സംഭരണശേഷിയുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിൽ സംഭരിച്ചും 225 horse power capacity ഉള്ള 2 മോട്ടോറുകൾ ഉപയോഗിച്ച് ഒന്നിടവിട്ട ദിവസം pressure boost ചെയ്തുമാണ് കൊച്ചി നഗരത്തിൽ കുടിവെള്ളവിതരണം നടത്തുന്നത്. എന്നാൽ 2025

നവംബർ 10-ന് 135 MLD സംഭരണശേഷിയും 2 അറകളുമുള്ള ടാങ്കിന്റെ 65 MLD capacity ഉള്ള ഒരു അറ കാലപ്പഴക്കംമൂലം തകർന്നുപോവുകയും അപകടം ആവർത്തിക്കാതിരിക്കാൻ ശേഷിക്കുന്ന 65 MLD കപ്പാസിറ്റിയുള്ള അറയിൽ വിദഗ്ദ നിർദ്ദേശത്തെത്തുടർന്ന് 45 MLD ജലം മാത്രം സംഭരിച്ചാണ് ഇപ്പോൾ നഗരത്തിൽ ജലവിതരണം നടത്തുന്നത്. 135 MLD ജലം സംഭരിച്ച് ഒറ്റത്തവണയായി വിതരണം ചെയ്തിരുന്നപ്പോൾപോലും വലിയതോതിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്ന കൊച്ചി നഗരത്തിൽ ഇപ്പോൾ 45 MLD ജലം സംഭരിച്ച് പല ഘട്ടങ്ങളിലായി വിതരണം നടത്തുന്നതുവഴി അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇതിന്റെ ഭാഗമായി കലൂർ, കടവന്ത്ര, ഇളമക്കര, അയ്യപ്പൻകാവ്, പച്ചാളം, തട്ടാഴം, വടുതല, ചിറ്റൂർ, സെൻട്രൽ സിറ്റി ഏരിയ എന്നിവിടങ്ങളിൽ അതീവഗുരുതരമായ കുടിവെള്ളക്ഷാമമാണ് അനുഭവപ്പെടുന്നത്.

ടാങ്കർ ലോറികളിൽ വെള്ളമെത്തിച്ചുകൊടുക്കുന്ന ഉത്തരവാദിത്വം വാട്ടർ അതോറിറ്റി ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. ടാങ്ക് തകർന്നതിനെത്തുടർന്ന് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി അന്നുതന്നെ അവിടം സന്ദർശിച്ച് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തി തീരുമാനമെടുത്തുവെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

കൊച്ചി നഗരത്തിൽ അമൃത് പദ്ധതിപ്രകാരം ഫേസ് 1-ൽ 184 കോടി രൂപയും ഫേസ് 2-ൽ 374 കോടി രൂപയും ഉൾപ്പെടെ ആകെ 558 കോടി രൂപയുടെ പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും പൈപ്പ് മാറ്റി സ്ഥാപിക്കലും ഓവർഹെഡ് ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളാണ്. 1,141 കോടി രൂപയുടെ ADB പദ്ധതി 10 വർഷങ്ങൾ കൊണ്ട് നടപ്പാക്കുമെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. ആദ്യ ഘട്ടത്തിൽ Preparatory Work-ഉം Asset Data Analysation-ഉം ആണ് നടക്കുന്നത്. പൈപ്പ് മാറ്റലും ലീക്കേജ് ഒഴിവാക്കലും 10 വർഷത്തേയ്ക്കുള്ള മെയിന്റനൻസിന്റെ ഭാഗമാണെന്നാണ് പദ്ധതിയിൽ പറയുന്നത്. പക്ഷെ ഈ പദ്ധതിയുടെ ഭാഗമായി പുതിയതായി ഒരുതുള്ളി വെള്ളം പോലും കൊച്ചി നഗരത്തിൽ എത്തുന്നില്ല. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ അതിനുള്ള

ഒരു നടപടിയും അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ADB പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്ന സാഹചര്യത്തിൽ കുടിവെള്ളപ്രശ്നം പരിഹരിക്കാനായി കൊച്ചി കോർപ്പറേഷനോട് ചേർന്നുള്ള 5 മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആലുവയിൽ നിലവിലുള്ള ശുദ്ധീകരണശാലയ്ക്ക് സമീപം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള 1.57 ഹെക്ടർ സ്ഥലത്ത് 523 കോടി രൂപ മുടക്കി 190 MLD കുടിവെള്ളമെത്തിക്കുന്ന പദ്ധതി നടപ്പാക്കുമെന്ന് വാട്ടർ അതോറിറ്റി ഉറപ്പ് നൽകിയിരുന്നു. അതുമായി ബന്ധപ്പെട്ട് നാളിതുവരെയായി എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്? 190 MLD പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോയെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): സർ, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി നഗരത്തിനും സമീപ്രദേശങ്ങളായ മുനിസിപ്പാലിറ്റികൾക്കും വിവിധ പഞ്ചായത്തുകൾക്കും ആവശ്യമായ തോതിൽ ഗാർഹിക-വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലം ലഭ്യമാക്കുകയെന്ന പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം
ശ്രീ. ടി. ജെ. വിനോദ് ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിച്ചത്.

ഇക്കാര്യങ്ങൾ സംബന്ധിച്ച് സമീപ നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരും കത്ത് നൽകിയിട്ടുണ്ട്. വിവിധ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന ഗൗരവമുള്ളൊരു വിഷയമെന്ന നിലയിൽ കൊച്ചിയിലും സമീപ പ്രദേശങ്ങൾക്കും ഏറ്റവും അത്യന്താപേക്ഷിതമായ ഈ പദ്ധതിയുടെ....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഇതേപ്പറ്റി സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറയാം, ഇക്കാര്യം സംബന്ധിച്ച് എം.എൽ.എ.-മാരായ ശ്രീ. അൻവർ സാദത്തും ശ്രീ. മുഹമ്മദ് ഷിയാസും ശ്രീമതി ഉമ തോമസും എനിക്ക് എഴുതി നൽകിയിട്ടുണ്ട്. Calling Attention-ൽ ഇടപെടാനാകാത്തതുകൊണ്ടാണ് അവർ അപ്രകാരം ചെയ്തത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഈ വിഷയം സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത്, ശ്രീ. മുഹമ്മദ് ഷിയാസ്, ശ്രീമതി ഉമ തോമസ് എന്നീ

അംഗങ്ങൾ കത്ത് നൽകുകയും പ്രത്യേകമായി ഒരു യോഗം വിളിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ശ്രീ. ടി. ജെ. വിനോദ് കത്ത് നൽകുകയും ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുകയും ചെയ്തു. പൊതുപ്രാധാന്യമുള്ള പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കുകയുണ്ടായി.

തമ്മനത്ത് നിലവിലുണ്ടായിരുന്ന 135 MLD സംഭരണശേഷിയുള്ള വാട്ടർ ടാങ്കിനെ രണ്ട് കമ്പാർട്ടുമെന്റുകളായി തിരിച്ചാണ് ജലവിതരണം നടത്തിക്കൊണ്ടിരുന്നത്. ഇതിലെ ഒരു അറ തകർന്നതിനെത്തുടർന്ന് ജലവിതരണത്തിൽ പ്രതിസന്ധിയുണ്ടാകുകയും വാട്ടർ അതോറിറ്റി അവ പരിഹരിക്കുകയും ചെയ്തു. ശേഷിക്കുന്ന ഒരു കമ്പാർട്ട്മെന്റ് ഉപയോഗിച്ച് നാലുതവണകളായി ജലം സംഭരിച്ച് മുമ്പ് വിതരണം ചെയ്തിരുന്ന അതേ അളവിൽ പരാതികളില്ലാതെ ശുദ്ധജലവിതരണം നിലവിൽ ക്രമീകരിച്ചുവരികയാണ്. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കുടിവെള്ള വിതരണത്തിന്റെ അളവ് അല്പമെങ്കിലും വർധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന പ്രശ്നം നിലനിൽക്കുകയാണ്. ഇതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നത്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ 25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ സമ്പും 25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്നതിനുവേണ്ടി 30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ആലുവയിൽ സ്ഥിതിചെയ്യുന്ന നാല് ശുദ്ധികരണശാലകളിലായി ഉൽപാദിപ്പിക്കപ്പെടുന്ന 225 MLD ജലം ലഭ്യമാകുന്നതിൽ നിന്നാണ് കൊച്ചി കോർപ്പറേഷനിലേക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ള വിതരണം നടത്തിവരുന്നത്. നിലവിൽ അനുവദനീയമായതിലും 30 ശതമാനം അധികജലം ഉൽപാദിപ്പിച്ച് 290 MLD ജലം വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ മരടിൽ സ്ഥാപിച്ചിട്ടുള്ള 100 MLD പദ്ധതിയിൽ നിന്നും പശ്ചിമകൊച്ചിയിലേക്ക് വെള്ളം വിതരണം ചെയ്യുന്നതും ഇപ്പോൾ നടക്കുകയാണ്. ഇതിനുപുറമേയാണ് ജൽജീവൻ മിഷൻ വഴി പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശങ്ങൾക്കും ശുദ്ധജല കണക്ഷൻ നൽകാൻ നടപടി

സ്വീകരിച്ചുവരുന്നത്. അമൃത് പദ്ധതി വഴി കോർപ്പറേഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഇത് പരമാവധി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിലേയ്ക്കായി 2050 വരെയുള്ള ഉപഭോഗാവശ്യം കണക്കാക്കി ആലുവയിൽ 190 MLD ശേഷിയുള്ള പ്ലാന്റ് നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പെരിയാർ നദിയോട് ചേർന്ന് പുതിയ പമ്പ് ഹൗസ്, പമ്പ് സെറ്റ്, ഉന്നതതല ജലസംഭരണി, ശുദ്ധീകരണശാല എന്നിവയുൾപ്പെടെ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

ADB-യുടെ സഹായത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിക്കുകയുണ്ടായി. ADB സഹായത്തോടെയുള്ള Kerala Urban Water Services Improvement Project-ൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് നൽകിയിട്ടുള്ള ആകെ ഭരണാനുമതി തുക 2,511 കോടി രൂപയാണ്. ഇതിൽ മാറ്റം വരുത്താതെ ഈ പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവുപ്രകാരം ആലുവയിൽ 190 MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന് പ്രത്യേക ഭരണാനുമതി നൽകുന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെന്റ് **G.O. നം.38** പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആലുവയിൽ 190 MLD ജലശുദ്ധീകരണശാലയുടെയും അനുബന്ധപ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനുവേണ്ടി 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലവിഭവവകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. തുടർന്ന് ഇക്കാര്യത്തിൽ സർക്കാരിന്റെ അന്തിമ ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയൽ ഉടൻതന്നെ സമർപ്പിക്കുന്നതാണ്. ടി കുടിവെള്ള പദ്ധതിക്കായുള്ള ജലസ്രോതസ്സ് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിക്കുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടുകൂടി കൊച്ചി കോർപ്പറേഷനിലും അതിനോടൊപ്പം ചേർന്ന് കിടക്കുന്ന 5 മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശത്തിനും പൂർണ്ണമായും കുടിവെള്ളമെത്തിക്കാനും

കൊച്ചിയുടെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരമുണ്ടാക്കാനും ഈ പദ്ധതി പ്രയോജനകരമായിത്തീരും. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് തുടർനടപടികൾ പൂർത്തിയാക്കി എത്രയുംവേഗം ഇതിന്റെ നിർമ്മാണ കാര്യങ്ങളിലേക്ക് കടക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പ് നേതൃത്വം കൊടുക്കുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, 190 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സന്തോഷവും നന്ദിയും പ്രകടിപ്പിക്കുകയാണ്. 2025 നവംബർ 10-ന് തമ്മനം പമ്പ് ഹൗസിൽ തകർന്ന ഗ്രൗണ്ട് ലെവൽ ടാങ്ക് പുനഃസ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ജലവിതരണം നടത്തുന്നതിനുവേണ്ടിയുള്ള രണ്ട് കമ്പാർട്ടുമെന്റുള്ള ടാങ്കിന്റെ ഒരു അറ തകർന്നതാണ് പ്രശ്നത്തിന്റെ കാരണം. എങ്കിലും നിലവിൽ ബുദ്ധിമുട്ടില്ലാതെ ജലവിതരണം നടത്തുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് തലത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ബദൽ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തീർച്ചയായും അക്കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദുമായും പ്രത്യേകം ചർച്ച ചെയ്ത് തൃപ്തികരമായ നിലയിൽ നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ ശ്രമിക്കുന്നതാണ്.

2. സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഈടാക്കിയ അധിക ഫീസ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, നാലരവർഷത്തെ അക്കാദമിക പഠനവും ഒരു വർഷത്തെ ഹൗസ് സർജൻസിയും അടങ്ങുന്നതാണ് എം.ബി.ബി.എസ്. കോഴ്സ്. എന്നാൽ അഞ്ച് വർഷത്തേയ്ക്കുള്ള ഫീസാണ് മിക്ക കോളേജുകളും വിദ്യാർഥികളിൽനിന്ന് ഈടാക്കിവരുന്നത്. എം.ബി.ബി.എസ്. കോഴ്സിന്റെ ദൈർഘ്യത്തിന് ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട് 2026 ഏപ്രിൽ 7-ന് ദേശീയ മെഡിക്കൽ കമ്മീഷൻ ഒരു പബ്ലിക് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ഇതുപ്രകാരം അക്കാദമിക വിദ്യാഭ്യാസം നടക്കുന്ന നാലരവർഷ കാലയളവിലേക്ക് മാത്രമേ വിദ്യാർഥികളിൽനിന്നും ഫീസ് ഈടാക്കാവൂ എന്ന കർശന നിർദേശം ദേശീയ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ കോളേജുകൾ വിദ്യാർഥികളിൽ നിന്നും അധികമായി ഈടാക്കിയിട്ടുള്ള തുക ബന്ധപ്പെട്ട കോളേജുകൾ വിദ്യാർഥികൾക്ക് തിരികെ നൽകിയെന്ന് ഉറപ്പ് വരുത്തണമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അധികമായി ഈടാക്കിയ ഫീസ് തുക തിരിച്ച് നൽകണമെന്ന കമ്മീഷന്റെ ഉത്തരവ് അനുസരിക്കാൻ സ്വാശ്രയ മെഡിക്കൽ കോളേജുകൾ തയ്യാറായിട്ടില്ല. ഇത് നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. ഇതേസമയം തുടർന്നുള്ള വർഷങ്ങളിൽ നാലരവർഷ കാലയളവിലേയ്ക്ക് മാത്രമേ വിദ്യാർഥികളിൽ നിന്നും കോളേജുകൾ ഫീസ് ഈടാക്കുകയുള്ളൂ എന്നതുകൂടി നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. ഏറെ ഉയർന്ന ഫീസ് നൽകിയാണ് സ്വാശ്രയ മെഡിക്കൽ കേളേജുകളിൽ വിദ്യാർഥികൾ പഠിക്കുന്നത്. ആറ് മാസത്തേയ്ക്ക് ഒരു വിദ്യാർഥിയിൽനിന്നും അധികമായി ഈടാക്കിയ ഫീസ് തുകതന്നെ ലക്ഷങ്ങൾ വരും. അധികമായി ഈടാക്കിയ തുക വിദ്യാർഥികൾക്ക് തിരികെ ലഭിക്കേണ്ടതുണ്ട്. ഇതുകൂടാതെ ഹൗസ് സർജൻസി കാലഘട്ടത്തിൽ ന്യായമായ സ്റ്റൈപ്പന്റ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക സ്വാശ്രയ മെഡിക്കൽ കോളേജുകളും വളരെ തുച്ഛമായ തുകയാണ് ഹൗസ് സർജൻമാർക്ക് സ്റ്റൈപ്പന്റായി നൽകിയിട്ടുള്ളത്. ഒപ്പ് വാങ്ങിയതിനുശേഷം സ്റ്റൈപ്പന്റ് നൽകാതിരിക്കുന്ന കോളേജുകൾ വരെയുണ്ടെന്നാണ് അറിയാൻകഴിയുന്നത്. ദേശീയ മെഡിക്കൽ കമ്മീഷൻ നിഷ്കർഷിച്ച നിലയനുസരിച്ച് എം.ബി.ബി.എസ്. വിദ്യാർഥികളിൽനിന്നും നാലര വർഷക്കാലയളവിലേയ്ക്ക് മാത്രമേ കോളേജുകൾ ഫീസ് ഈടാക്കുകയുള്ളൂവെന്നും സ്വാശ്രയ മെഡിക്കൽ കോളേജുകൾ അധികമായി ഈടാക്കിയിട്ടുള്ള ഫീസ് വിദ്യാർഥികൾക്ക് തിരികെ നൽകുമെന്നും ഉറപ്പ് വരുത്തുന്നതിലേയ്ക്ക് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, നാഷണൽ മെഡിക്കൽ കമ്മീഷൻ 07-04-2026-ൽ പുറപ്പെടുവിച്ച സി.ഡി.എൻ. 13011/1/2026 കോ-ഓർഡിനേഷൻ എൻ.എം.സി. പബ്ലിക് നോട്ടീസ് പ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിധിയിൽ വരുന്ന മെഡിക്കൽ കോളേജ് സ്ഥാപനങ്ങൾ, സർവകലാശാലകൾ എം.ബി.ബി.എസ്.

*30-06-2026*
*Callint Attention*

വിദ്യാർഥികളിൽ നിന്നും എം.ബി.ബി.എസ്. കോഴ്സിന്റെ മുഴുവൻ കാലയളവായ നാലരവർഷത്തിന് പകരം അഞ്ച് വർഷത്തേയ്ക്കോ അല്ലെങ്കിൽ അഞ്ചര വർഷത്തേക്കോ ഉള്ള മുഴുവൻ ഫീസും ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പ്രവണതകൾ എം.ബി.ബി.എസ്. പ്രോഗ്രാമിന്റെ നിർദിഷ്ട അക്കാദമിക് ഘടനയ്ക്ക് അനുസൃതമല്ലെന്നും വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ എല്ലാ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും എം.ബി.ബി.എസ്. കോഴ്സിനുള്ള ഫീസ് നിർദിഷ്ട അക്കാദമിക് കാലയളവായ നാലരവർഷത്തേക്ക് മാത്രമേ ഈടാക്കാവൂ എന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ നിഷ്കർഷിക്കുകയുണ്ടായി. കൂടാതെ 07-04-2026-ലെ എൻ.എം.സി.-യുടെ പബ്ലിക് നോട്ടീസിന് അനുസൃതമായി കേരളത്തിലെ കോളേജുകൾ ഈടാക്കിയ അധിക ഫീസ് തിരികെ നൽകുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കാൻ 06-06-2026-ലെ കത്ത് പ്രകാരവും നാഷണൽ മെഡിക്കൽ കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ടായിരുന്നു. കമ്മീഷന്റെ നിർദേശത്തിന് വിരുദ്ധമായി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അഞ്ച് വർഷത്തെ ഫീസ് ഈടാക്കുന്നതായി കാണിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്., എം.ഡി.എസ്. കോഴ്സുകളുടെ ഫീസ് നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് പ്രകാരം നിലവിൽ വന്ന ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കമ്മിറ്റി തയ്യാറാക്കി അംഗീകരിക്കുന്ന ഫീസ് ഘടന സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നാഷണൽ മെഡിക്കൽ കമ്മീഷണറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ പുതുക്കിയ ഫീസ് ഘടന ചർച്ച ചെയ്യുന്നതിനായി സ്വാശ്രയ മെഡിക്കൽ, ഡെന്റൽ മാനേജ്മെന്റ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട്

16-06-2026-ൽ എന്റെ ചേമ്പറിൽ വച്ച് ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ

നാഷണൽ മെഡിക്കൽ കമ്മീഷണറുടെ നിർദേശങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത മെഡിക്കൽ കോളേജ് മാനേജ്മെന്റുകളെ ബോധ്യപ്പെടുത്തുകയുമുണ്ടായി. നാഷണൽ മെഡിക്കൽ കമ്മീഷണറുടെ നിർദേശത്തിനെതിരെ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. മാത്രമല്ല മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് കോലഞ്ചേരിയും പ്രസ്തുത വിഷയം സംബന്ധിച്ച് ഐ. എ. നം. 1/2026-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ആയതിന്മേലുള്ള 19-06-2026-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം ഫീസ് തിരിച്ച് കൊടുക്കാനുള്ള 06-06-2026-ലെ നാഷണൽ മെഡിക്കൽ കമ്മീഷണറുടെ നിർദേശം മൂന്ന് മാസത്തേക്ക് സ്റ്റേ ചെയ്തു. കേസിലെ പെറ്റീഷണറായ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് സെക്രട്ടറിക്ക് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് തൽക്കാലം വാങ്ങാവുന്നതാണെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നാഷണൽ മെഡിക്കൽ കമ്മീഷണറുടെ നിർദേശങ്ങൾക്ക് അനുസൃതമായി എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ ഫീസ് ഘടന പുതുക്കി നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സർക്കാർ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതായത് ഈ വർഷവും അടുത്ത വർഷവും വാങ്ങുന്ന ഫീസുകൾ നാലര വർഷത്തേക്ക് മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന് കർശന നിർദേശം കൊടുത്തിട്ടുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയ ഫീസ് തിരിച്ച് നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, അങ്ങയുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി ഒരു കാര്യം കൂടി ചോദിക്കുകയാണ്. സ്വാശ്രയ കോളേജുകളിലെ ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് സർക്കാർ കോളേജിലെ സ്റ്റൈപ്പന്റ് തുകയോട് ഏകീകരിക്കുന്നതിനും ന്യായമായ സ്റ്റൈപ്പന്റ് തുക സ്വാശ്രയ കോളേജുകളിലെ ഹൗസ് സർജൻമാർക്ക് ലഭിക്കുന്നതിനും വേണ്ടിയുള്ള ഒരിടപെടൽ കൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും നാഷണൽ മെഡിക്കൽ കമ്മീഷണറുടെ

മാർഗനിർദേശങ്ങൾക്ക് അനുസൃതമായിട്ടുള്ള തീരുമാനം സംസ്ഥാന സർക്കാറിന്റെ ഭാഗത്തുനിന്നുമുണ്ടാകും.